(ബി) ഇത്തരം നഗരസഭകൾക്ക് പ്രവർത്തന ഫണ്ട് നൽകിയിട്ടുണ്ടോ; സാമ്പത്തിക പ്രതിസന്ധി ഫണ്ട് ലഭ്യതയെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിഭജിക്കപ്പെട്ട നഗരസഭകളുടെ ആസ്തി വീതം വയ്ക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് പാലിച്ചാണോ ആസ്തികൾ വീതം വച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ഇത്തരം നഗരസഭകളിൽ അധിക ജീവനക്കാരുടെ ആവശ്യകത പരിഗണിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്.

(ബി) ഉണ്ട്. സാമ്പത്തിക പ്രതിസന്ധി ഫണ്ട് ലഭ്യതയെ ബാധിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ഇല്ല. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം പരിശോധിച്ചുവരുന്നു.

കർഷകരുടെ രജിസ്ട്രേഷൻ

18 (*138) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷകരുടെ രജിസ്ട്രേഷന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ എല്ലാ കർഷകരെയും അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാക്കുക, പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും ഈ ഡേറ്റാബേസ് ഉപയോഗിക്കുക, കർഷക ഡേറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നൽകുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള അഗ്രികാർഡ് വിതരണം നടന്നുവരുന്നു. അഗ്രി കാർഡ് എ.റ്റി.എം. കാർഡായും കിസാൻ ക്രെഡിറ്റ് കാർഡായും ഉപയോഗിക്കാവുന്നതാണ്. കേരള ഗ്രാമീൺ ബാങ്ക് മുഖാന്തരമാണ് അഗ്രികാർഡ് വിതരണം നടന്നുവരുന്നത്.

സംസ്ഥാനത്തെ കൃഷിഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

രജിസ്ട്രേഷനുവേണ്ടി കൃഷിഭവനിൽനിന്നും ലഭ്യമാകുന്ന അപേക്ഷകൾ കർഷകർ പൂരിപ്പിച്ച് കൃഷിഭവനുകളിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങളിൽ എത്തിക്കുകയും, അവിടെ വച്ച് അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഇങ്ങനെ 18.7 ലക്ഷം അപേക്ഷകൾ ലഭിച്ചതിൽ 17.59 ലക്ഷം അപേക്ഷകൾ ഡേറ്റാബേസിൽ ചേർത്തിട്ടുണ്ട്. ഇതിൽ മറ്റ് പ്രസക്തമായ വിവരങ്ങൾ, ആധാർ നമ്പർ എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികളും നടന്നുവരുന്നുണ്ട്.

ഗ്രാമവികസനത്തിന് കർമ്മ പദ്ധതികൾ

19 (*139) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഗ്രാമവികസനത്തിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly